(ഡി) കേരളത്തിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഏറ്റവും അവസാനം നടത്തിയ പരിശോധനയുടെ റിപ്പോർട്ട് വഭ്യമാക്കുമോ ?

ഉത്തരം

(എ) ബി.ഐ.എസ്. അംഗീകാരമുള്ള 25 മിനറൽ വാട്ടർ ഉൽപ്പാദിപ്പിക്കുന്ന കമ്പനികൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത കമ്പനികളുടെ ജില്ല തിരിച്ചുള്ള കണക്കും കമ്പനിയുടെ വിലാസവും †അനുബന്ധം ഒന്നിൽ ചേർത്തിട്ടുണ്ട്.

(സി, ഡി) പി.എഫ്.എ. ആക്ട് പ്രകാരം ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ഫുഡ് ഇൻസ്പെക്ടർമാർ സാമ്പിളുകൾ എടുത്ത് പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

ആരോഗ്യവകുപ്പിൽ നിന്നും ലഭിച്ച വിവരം അനുസരിച്ച് 2004 വർഷം ആകെ 215 സാമ്പിളുകൾ പരിശോധിക്കുകയും ഒരു സാമ്പിൾ ഗുണനിലവാരമില്ലാത്തതിനാൽ പ്രസ്തുത കമ്പനിയ്ക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മാർക്കറ്റിൽ ലഭ്യമായ എല്ലാ കമ്പനികളുടെയും മിനറൽ വാട്ടർ ലബോറട്ടറിയിൽ പരിശോധിച്ചിട്ടുണ്ട്. ഏറ്റവും അവസാനമായി പരിശോധിച്ച കുപ്പിവെള്ളത്തിന്റെ റിപ്പോർട്ട് †അനുബന്ധമായി വയ്ക്കുന്നു. (അനുബന്ധം-2)

സംസ്ഥാന വനിതാ കമ്മീഷൻ ജാഗ്രതാ സമിതി രൂപീകരണം

48 [1253] ശ്രീ. പി. ടി. തോമസ് :
ശ്രീമതി മേഴ്സി രവി :
ശ്രീ. എം. മുരളി :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വനിതാ കമ്മീഷൻ ഗ്രാമപഞ്ചായത്തുകളിൽ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ഗ്രാമപഞ്ചായത്തുകളിൽ എന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത സമിതിയുടെ ഘടനയും കർത്തവ്യങ്ങളും എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സമിതികൾക്ക് വിദേശ സഹായം ലഭിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഏത് വിദേശ രാജ്യത്തുനിന്നാണ് ഇവയ്ക്ക് സഹായം ലഭിക്കുന്നത് ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വിദേശ സഹായം വാങ്ങുവാൻ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 28-5-2004-ലെ ജി. ഒ. (എംഎസ്.) 39/04/സാക്ഷേവ പ്രകാരം പഞ്ചായത്ത്/നഗരസഭകളിലെ ജാഗ്രതാ സമിതികൾ പുനഃസംഘടിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) 1. അദ്ധ്യക്ഷൻ---പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ/മേയർ

2. മെമ്പർ—സർക്കിൾ ഇൻസ്പെക്ടർ/സബ്ഇൻസ്പെക്ടർ

3. മെമ്പർ---വനിതാ പഞ്ചായത്ത് മെമ്പർ/കൗൺസിലർ

4. മെമ്പർ---വനിതാ അഭിഭാഷക

5. മെമ്പർ—എസ്.സി./എസ്.റ്റി.-യിൽപ്പെട്ട വനിതാ സാമൂഹിക പ്രവർത്തക/കൗൺസിലർ

6. കൺവീനർ---ഐ.സി.ഡി.എസ്. സൂപ്പർവൈസർ (ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ തിരഞ്ഞെടുത്തത്).

കർത്തവ്യങ്ങൾ

ജാഗ്രതാ സമിതികൾ വനിതാ കമ്മീഷന്റെ കണ്ണുംകാതുമായി വർത്തിക്കേണ്ടതാണ്. കമ്മീഷന്റെ ബോധവൽക്കരണ പരിപാടികൾ നാടെങ്ങും എത്തിക്കേണ്ടത് ജാഗ്രതാ സമിതികളാണ്. സമൂഹത്തിലെ ദുരാചാരങ്ങൾക്കും ദുഷ്പ്രവണതകൾക്കുമെതിരായി പ്രവർത്തിക്കാനും സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ നിരീക്ഷിച്ച് കുറ്റവാളികൾക്കെതിരെ ശക്തമായ നടപടികൾ എടുപ്പിക്കേണ്ടത് ജാഗ്രതാ സമിതികളുടെ കർത്തവ്യങ്ങളിലൊന്നാണ്.

(ഡി) നേരിട്ട് വിദേശ സഹായം ലഭിക്കുന്നില്ല.

(ഇ) 28-5-2004-ലെ ജി. ഒ. (എംഎസ്.) 39/04/സാക്ഷേവ നമ്പർ ഉത്തരവ് പ്രകാരം ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എഫ്.സി.ആർ.എ. രജിസ്ട്രേഷൻ ഉള്ള എൻ.ജി.ഒ.കൾ വഴി സാമ്പത്തിക സഹായം ലഭ്യമാവുന്നതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എസ്.ഡി.സി. കൃാപ്ഡെക്ക് എന്ന സംഘടന സിസ് ഗവൺമെന്റിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നുണ്ട്.

(എഫ്) ഇല്ല. എന്നാൽ എഫ്.സി.ആർ.എ. രജിസ്ട്രേഷൻ ഉള്ള സന്നദ്ധ സംഘടനകൾ വഴി ജാഗ്രതാ സമിതികളുടെ പ്രവർത്തങ്ങൾക്ക് സഹായം ലഭ്യമാക്കാം.

LIBRARY ARCHIVES Kerala Legislative Assembly